പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.967 — 03.12.2014 ന് മറുപടിയ്ക്ക്.

## പുഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി.ഐ - യ്ക്ക് കെട്ടിടം.

**ചോദ്യം**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പുഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഗ്രാമവികസന വകുപ്പ് വിട്ട് നൽകിയ രണ്ടേക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

മങ്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാച്ചിനിക്കാട് SR No.51/7-ൽപെട്ട 3.51 ഏക്കർ സ്ഥലം പഞ്ചായത്ത് ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും, പ്രസ്തുത സ്ഥലം നാളിതുവരെയും വകുപ്പിന് കൈമാറിയിട്ടില്ല. ടി സ്ഥലത്ത് ജല ലഭ്യത ഇല്ലായെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കാച്ചിനിക്കാട് വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്തിരുന്നുവെങ്കിലും ജലലഭ്യത ഇല്ലാത്തതിനാൽ ഐ.ടി.ഐ. സ്ഥാപിക്കാനായി വിട്ടുനൽകാൻ പഞ്ചായത്ത് തീരുമാനിക്കുക യായിരുന്നു. ടി സ്ഥലത്ത് ജലലഭ്യത പഞ്ചായത്ത് ഉറപ്പാക്കിയെങ്കിൽ മാത്രമേ ഇവിടെ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ